# കെ.എസ്.ടി.എ.

**പൊതുവിദ്യാഭ്യാസം തകർക്കുന്ന അശാസ്ത്രീയമായ പരിഷ്കാരങ്ങൾ നിർത്തിവയ്ക്കുക**

# അധ്യാപകരുടെ ഏകദിനധർണ്ണ

**ഏപ്രിൽ 12**
**സെക്രട്ടറിയേറ്റ് നടയിൽ**

**ഏപ്രിൽ 19**
**ജില്ലാകേന്ദ്രങ്ങളിൽ**

---

★ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സ് പ്രവേശനം ഇല്ലാതാക്കാനുള്ള നീക്കം ഉപേക്ഷിക്കുക, സ്കൂൾ പ്രവേശനം 5 വയസ്സായി നിലനിർത്തുക.

★ വി.എച്ച്.എസ്.ഇ. നിർത്തലാക്കാനുള്ള തീരുമാനം പിൻവലിക്കുക.

★ എസ്.എസ്.എൽ.സി. പരീക്ഷ അവസാനിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കുക

★ 9,10 ക്ലാസ്സുകൾ ഹയർ സെക്കന്ററിയുടെ ഭാഗമാക്കി ഹൈസ്കൂൾ ഹയർ സെക്കന്ററി വിദ്യാഭ്യാസം തകർക്കാനുള്ള തീരുമാനം പിൻവലിക്കുക.

★ പൊതുവിദ്യാലയങ്ങളെ തകർക്കുന്ന ഘടനാമാറ്റം ഉപേക്ഷിക്കുക

★ സർവ്വീസിലുള്ളവരെ യോഗ്യതാപരീക്ഷ (T.E.T.) യിൽ നിന്നു ഒഴിവാക്കുക.

★ അധ്യാപകരുടെ ശമ്പള സ്കെയിലുകളിൽ നിലവിലുള്ള അപാകത പരിഹരിക്കുക.

★ പത്താം ക്ലാസ്സ് അടിസ്ഥാന യോഗ്യതയുള്ള ഭാഷാ ഡിപ്ലോമാകോഴ്സുകൾ ഡിഗ്രി അടിസ്ഥാന യോഗ്യതയായ BEd-ന് തുല്യമാക്കിയ കരിക്കുലം കമ്മിറ്റി തീരുമാനം റദ്ദു ചെയ്യുക.

★ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് NOC നൽകുന്ന നടപടികൾ പിൻവലിക്കുക.

---

സുഹൃത്തേ,

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രതിലോമ നടപടികളുമായി യു.ഡി.എഫ്. സർക്കാർ മുന്നോട്ടു പോകുകയാണ്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പേരിൽ ഘടനാപരമായ മാറ്റം നടപ്പിലാക്കി വിദ്യാലയങ്ങളെയും കുട്ടികളുടെ പഠനത്തേയും പ്രതിസന്ധിയിലാക്കാനുള്ള നീക്കങ്ങൾ നടത്തുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷ, സെക്കന്ററി വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എല്ലാ മേഖലയിലും അനിശ്ചിതത്വം സൃഷ്ടിക്കുന്ന പ്രഖ്യാപനങ്ങളാണ് മന്ത്രിയിൽ നിന്നുമുണ്ടായിരിക്കുന്നത്. വിദഗ്ദ്ധസമിതിയുടെ പഠനങ്ങളും, വേണ്ടവിധത്തിലുള്ള ചർച്ചകളും നടത്താതെ ഏകപക്ഷീയമായ പ്രഖ്യാപനങ്ങൾ നടത്തി പൊതുവിദ്യാഭ്യാസത്തെ അപകടപ്പെടുത്താനുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്.

**ഒന്നാം ക്ലാസ്സ് പ്രവേശനം**

ഒന്നാം ക്ലാസ്സ് പ്രവേശനം 6 വയസ്സാക്കികൊണ്ടുള്ള ഉത്തരവായിരിക്കുകയാണ്. 6 മാസത്തെ വയസ്സിളവാണ് നൽകിയിരിക്കുന്നത്. ഇതിന്റെ ഫലമായി പൊതു വിദ്യാലയങ്ങളിൽ വരുന്ന വർഷം ഒന്നാം ക്ലാസ്സിൽ കുട്ടികളില്ലാത്ത അവസ്ഥ ഉണ്ടാകും. അഞ്ച് വയസ്സിൽ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിൽ കുട്ടികളെ ചേർക്കാനുള്ള വഴിയൊരുക്കിയിരിക്കുകയാണ്. ഡി.പി.ഐ ചെയർമാനായ കേന്ദ്രീയ വിദ്യാലയത്തിൽ 5 വയസ്സിലാണ് സ്കൂൾ പ്രവേശനം. ഡൽഹി ഹൈക്കോടതി വിധിതന്നെ 5 വയസ്സിൽ കുട്ടികളെ ചേർക്കുന്നതിന് അംഗീകരിക്കുന്നതുണ്ട്. അഞ്ചുവയസ്സിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനമുള്ള ഒരു സംസ്ഥാനത്തും 6 വയസ്സ് നിർബ്ബന്ധമാക്കിയിട്ടില്ല. കേരളത്തിൽ മാത്രം നിർബ്ബന്ധമാക്കാനുള്ള തീരുമാനം പൊതുവിദ്യാലയങ്ങളുടെ നിലനില്പ്പ് തന്നെ അപകടത്തിലാക്കും.

**ഘടനാമാറ്റം**

അഞ്ചാം ക്ലാസ്സ് വരെയുള്ള എൽപിഎസ്സുകളും 6 മുതൽ 8 വരെയുള്ള യു.പി.എസ്സുകളുമായി സ്കൂൾ ഘടനയിൽ അടുത്ത വർഷം മുതൽ മാറ്റം വരുത്തും എന്ന് മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. 9, 10 ക്ലാസ്സുകൾ ഹയർ സെക്കന്ററിയുടെ ഭാഗമാക്കുമെന്നും, വൊക്കേഷണൽ ഹയർ സെക്കന്ററികൾ നിർത്തലാക്കുമെന്നും മന്ത്രിയുടെ പ്രഖ്യാപനത്തിലുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളെ തകർച്ചയിലേക്ക് നയിക്കുന്ന പ്രഖ്യാപനങ്ങളാണിവ. സ്കൂളുകളിലെ സൗകര്യങ്ങൾ, നിലവിലുള്ള അധ്യാപകരുടെ പുനർ വിന്യാസം, യോഗ്യതയിൽവരുന്ന മാറ്റം, പത്താം ക്ലാസ്സിൽ നിലവിലുള്ള പൊതുപരീക്ഷയുടെ അവസ്ഥ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചനയോ പഠനമോ നടത്താതെയുള്ള നടപടികൾ പൊതുവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധിയിലേയ്ക്ക് നയിക്കും. യു.പി.എസിൽ നിലവിലുള്ള ഹെഡ്മാസ്റ്റർമാരെ എന്തുചെയ്യും, എയിഡഡ് സ്കൂളുകളിൽ നിന്നുമുള്ള അധ്യാപകരുടെ പുനർ വിന്യാസം എങ്ങനെ നടക്കും. ഹൈസ്കൂളിൽ നിന്നും മാറേണ്ടി വരുന്ന അധ്യാപകരെ എവിടെ നിലനിർത്തും എന്നീ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാതെയാണ് തിടുക്കത്തിലുള്ള മാറ്റവുമായി സർക്കാർ പോകുന്നത്. മുന്നൊരുക്കങ്ങളില്ലാതെയുള്ള ഏതൊരു മാറ്റവും പൊതു വിദ്യാലയങ്ങളുടേയും അധ്യാപകരുടെയും നിലനിൽപിനെ ത്തന്നെ അപകടത്തിലാക്കും.

**9,10 ക്ലാസ്സുകൾ ഹയർ സെക്കന്ററിയുടെ ഭാഗമാക്കാനുള്ള നീക്കം**

9,10 ക്ലാസ്സുകൾ ഹയർ സെക്കന്ററിയുടെ ഭാഗമാക്കാനാണ് നീക്കം. 10-ാം ക്ലാസ്സുകഴിഞ്ഞ് വിവിധ വിഷയ ഗ്രൂപ്പുകളിലേക്ക് മാറുന്നതാണ് ഹയർ സെക്കന്ററി വിദ്യാഭ്യാസം. പത്താം ക്ലാസ്സ് കഴിഞ്ഞാണ് പ്രവേശനമെങ്കിലും തുടർച്ചയല്ല. അതുകൊണ്ടു തന്നെ സെക്കന്ററി ഹയർ സെക്കന്ററിയുടെ ഭാഗമാക്കും എന്ന പ്രഖ്യാപനം അടിസ്ഥാനരഹിതമാണ്.

**എസ്.എസ്.എൽ.സി. പരീക്ഷ**

സമൂഹത്തിന് ഏറ്റവും കൂടുതൽ സ്വീകാര്യമായതാണ് പത്താം ക്ലാസ്സിലെ പൊതു പരീക്ഷ. നിലവിലുള്ള പരീക്ഷകളുടെ എണ്ണം കൂട്ടി ഓണപ്പരീക്ഷയാരംഭിച്ച മന്ത്രിതന്നെ പത്താംതരം പരീക്ഷയെന്തിന് എന്ന് ചോദിക്കുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. നിലവിലുള്ള പൊതു പരീക്ഷകളെ അട്ടിമറിക്കാനും പൊതു വിദ്യാലയങ്ങളുടെ വിശ്വാസ്യത ഇല്ലാതാക്കാനും മാത്രമേ ഈ നിർദ്ദേശം സഹായിക്കുകയുള്ളൂ. സി. ബി.എസ്.ഇ.യിൽ സ്കൂൾതല പരീക്ഷയുള്ളതുകൊണ്ട് ഇവിടെയും അതുമതി എന്നുപറയുന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ തകർത്തു സി.ബി.എസ്.ഇ. സ്കൂളുകൾ വ്യാപകമാക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കാൽലക്ഷം കുട്ടികളാണ് ഹൈസ്കൂൾ ക്ലാസ്സുകളിൽ വന്നുചേർന്നത്. പൊതുവിദ്യാലയങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെ പിറകോട്ടടിക്കാനുള്ള നീക്കത്തെ ശക്തമായി ചെറുക്കണം. സ്കൂൾതല പരീക്ഷ നടത്തുന്ന സി.ബി. എസ്.ഇ കുട്ടികൾക്ക് ഹയർസെക്കന്ററി പ്രവേശനത്തിന് പ്രഥമ പരിഗണന കിട്ടാനുള്ള സർക്കാരിന്റെ ഗൂഢശ്രമം ഇതിന്റെ പിന്നിലുണ്ട്.

**വി.എച്ച്.എസ്.ഇ. നിർത്തലാക്കൽ**

1983-ൽ ആരംഭിച്ചതാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം. ഇതു നിർത്തലാക്കി ഹയർ സെക്കന്ററിയുടെ ഭാഗമാക്കും എന്ന പ്രഖ്യാപനം യുക്തിക്ക് നിരക്കുന്നതല്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാലികമായി പരിഷ്കരിച്ച് ശക്തിപ്പെടുത്തുന്നതിന് പകരം നിർത്തലാക്കുമെന്നു പറയുന്നത് ഒരടിസ്ഥാനവുമില്ലാതെയാണ് അവിടെ ജോലി ചെയ്യുന്ന അധ്യാപകർ (330+1100+1100+1100) അരലക്ഷത്തോളം വരുന്ന കുട്ടികൾ, ആറായിരത്തിലധികം വരുന്ന ജീവനക്കാർ ഇതൊന്നും പരിഗണിക്കാതെ നിർത്തലാക്കും എന്ന പ്രഖ്യാപനം ജനാധിപത്യ വ്യവസ്ഥയിലെ ഭരണാധികാരികൾക്ക് ചേർന്നതല്ല. സമഗ്രമായ പഠനങ്ങൾക്ക് ശേഷം വിദഗ്ദ്ധസമിതികൾ നിർദ്ദേശിക്കേണ്ട പ്രശ്നങ്ങളാണിവ. വ്യക്തമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുപകരം ആരുമായും ആലോചിക്കാതെ നിർത്തലാക്കും എന്ന പ്രഖ്യാപനം വിദ്യാഭ്യാസമന്ത്രി പിൻവലിക്കണം.

**സി.ബി.എസ്.ഇ. സ്കൂളുകൾ**

പത്തുമാസത്തിനിടയിൽ മുന്നൂറോളം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകി. മാർച്ച് 24 ഒറ്റ ദിവസം കൊണ്ട് 83 സ്കൂളുകൾക്കാണ് അംഗീകാരം നല്കിയത്. കോർപ്പറേറ്റുകളെ ക്ഷണിച്ചുവരുത്തി സി. ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഇന്റർനാഷണൽ സ്കൂളുകൾക്ക് വ്യാപകമായി അംഗീകാരം കൊടുത്തു പൊതു വിദ്യാഭ്യാസം തകർക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. പൊതുവിദ്യാലയങ്ങൾക്ക് ഇനി പണം മുടക്കില്ല എന്ന അധികാരമേറ്റെടുത്തു ഉടൻതന്നെയുള്ള മന്ത്രിയുടെ പ്രഖ്യാപനം ഇവിടെ നടപ്പിലാക്കി തുടങ്ങിയിരിക്കുകയാണ്. അശാസ്ത്രീയമായ പരിഷ്കാരങ്ങളുടെ പേരിൽ പൊതുവിദ്യാഭ്യാസം തകർക്കാൻ കേരളത്തിലെ അധ്യാപകരും പൊതുജനങ്ങളും അനുവദിക്കില്ല. പൊതുവിദ്യാലയങ്ങൾ തകർക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ സംഘടനയുടെ **സംസ്ഥാന നേതാക്കൾ ഏപ്രിൽ 12-ന് സെക്രട്ടേറിയറ്റ് നടയിൽ ഏകദിന ധർണ്ണ** നടത്തുന്നു. **19-ന് എല്ലാ ജില്ലകളിലും ധർണ്ണ** നടക്കും. പ്രക്ഷോഭത്തിൽ പങ്കെടുത്തു വിജയിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ.)**